**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.02.2018-ൽ മറുപടിക്ക്**

**ചോദ്യം നം. T3215**

## മത്സ്യത്തൊഴിലാളികൾക്കായി സുരക്ഷാ സംവിധാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഉണ്ടായ നാശനഷ്ടവും ആളപായവും കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിക്ഷോഭങ്ങളും അപ്പപ്പോൾ അറിയിക്കുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടു ണ്ട്. ഐ.എസ്.ആർ.ഒ. ഈ സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറു കയും കെൽട്രോൺ വ്യവസായികാടിസ്ഥാനത്തിൽ 'നാവിക്' നിർമ്മിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് കടലിൽ പോകുന്ന എല്ലാ മത്സ്യബന്ധനയാനങ്ങൾക്കും 'നാവിക്' വിതരണം ചെയ്യാനമാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾ കടലിൽ എവിടെയാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്ന റേഡിയോ ബീക്കണുകൾ 'നാവിക്' ൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴുമുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| (ബി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; | (ബി) | ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇൻഷുറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ വീതവും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി |

| | | | |
|---|---|---|---|
| | | | കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5000/- രൂപ വീതം അനുവദിച്ചു നൽകി. മരണപ്പെട്ട 49 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകി കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധന സഹായം അ ടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം അപകടങ്ങളെ മുൻകൂട്ടി പ്രതിരോധിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഉപഗ്രഹങ്ങളുടെ സഹായത്താൽ കാലാവസ്ഥാ വ്യതിയാനങ്ങളെയും പ്രകൃതി ക്ഷോഭങ്ങളെയും കുറിച്ചുള്ള മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലെത്തിക്കാൻ ഉതകുന്നതും ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തതുമായ 'നാവിക്' എന്ന ഉപകരണം എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകും. ഇതിനു വേണ്ടിയുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. കടൽക്ഷോഭത്തിൽപ്പെട്ട് പെട്ടെന്ന് അപകടം പിണയുന്ന ചെറുവള്ളങ്ങൾക്കു പകരം കൂടുതൽ സുരക്ഷിതമായ എഫ്.ആർ.പി ബോട്ടുകൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. കടലിലെ താപ വ്യതിയാനങ്ങളെക്കുറിച്ചും മത്സ്യലഭ്യതയെക്കുറിച്ചും, സമുദ്രത്തിന്റെ ഉപരിതലത്തിന്റെ അവസ്ഥയെ ക്കുറിച്ചെല്ലാമുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലെത്തിക്കുന്നതിന് INCOIS മായി ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളിൽ 145778 പേരുടെ മൊബൈൽ നമ്പറുകൾ INCOISന് ഇതിനകം കൈമാറിയിട്ടുണ്ട്. ഈ നമ്പരുകൾ ഇൻകോയിസ് ലോഡു ചെയ്യുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് സന്ദേശങ്ങൾ കിട്ടിതുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ